നം:ICDS.A2-1360/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി : 17-6-2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - ജില്ലാതല പ്രോഗ്രാം ഓഫീസർമാരുടെ വീഡിയോ കോൺഫറൻസ് - സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സാമൂഹ്യനീതി ഡയറക്ടറുടെ 13-6-17-ലെ തീരുമാനം.

സംയോജിത ശിശു വികസന പദ്ധതിയുമായി ബന്ധപ്പെട്ട് മെറ്റേണിറ്റി ബെനഫിറ്റ് പ്രോഗ്രാം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി **22-6-2017-ന് ഉച്ചയ്ക്ക് 2 മണിയ്ക്ക്** ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ ഉൾപ്പെടുത്തി വീഡിയോ കോൺഫറൻസ് നടത്തുവാൻ സൂചന പ്രകാരം തീരുമാനിച്ചിരിക്കുന്നു. വീഡിയോ കോൺഫറൻസിൽ അവലോകനം ചെയ്യുന്ന ഇതര വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള അജണ്ടാ കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പരിശോധിച്ച് ആവശ്യമായ റിപ്പോർട്ടുകൾ സഹിതം വീഡിയോ കോൺഫറൻസിൽ പങ്കെടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

S /June 19, 2017

PDF processed with CutePDF evaluation edition www.CutePDF.com

# 22.06.2017 ലെ വീഡിയോ കോൺഫറൻസ്

## ഇതര വിഷയങ്ങൾ

1. സബല

എല്ലാ പ്രതിമാസമീറ്റിംഗുകളിലും സബല scheme review നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൃത്യമായും പാലിക്കണം. ജൂൺ 30 അവസാനിക്കുന്ന ക്വാർട്ടർലി പ്രോഗ്രസ് റിപ്പോർട്ടുകൾ ജൂലൈ മാസം 10 നകം ലഭ്യമാക്കണം.

2. THRS

a) ന്യൂട്രിമിക്സിനായി കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന ഗോതമ്പിന്റെ അളവ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ജൂലൈ മാസം 10 നകം ലഭ്യമാക്കണം.

b) ന്യൂട്രിമിക്സ് ഭക്ഷണം തയ്യാറാക്കുന്നതിനായുള്ള റസിപ്പികൾ എല്ലാ പ്രോഗ്രാം ഓഫീസർമാരും ലഭ്യമാക്കണം.

(c) ന്യൂട്രിമിക്സ് യൂണിറ്റ് പരിശോധന SOP പ്രകാരം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ടുകൾ ഈ കാര്യാലയത്തിൽ ലഭിക്കുന്നില്ല.

3. അങ്കണവാടി പ്രവർത്തകരുടെ യൂണിഫോം

അങ്കണവാടി പ്രവർത്തകർക്കായുള്ള യൂണിഫോമുകളുടെ ഡിസൈൻ ആവശ്യപ്പെട്ടത് ജില്ലാ P.O. മാർ അടിയന്തിരമായി ഡിസൈനുകൾ ലഭ്യമാക്കണം.

4. അങ്കണവാടി കെട്ടിട നിർമ്മാണം

a) 2017-18 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14.5 ലക്ഷം യൂണിറ്റ് കോസ്റ്റ് ( 40 % പഞ്ചായത്ത് വിഹിതം) 149 അങ്കണവാടികെട്ടിടങ്ങൾനിർമ്മിക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയത് ജൂലൈ 15 നകം ലഭ്യമാക്കണം.

TSS/June 19, 2017

b) അങ്കണവാടി കെട്ടിടങ്ങൾ ശിശു സൗഹൃദ/ ആകർഷകമാക്കുന്നതിനായി അങ്കണവാടി കെട്ടിടങ്ങളുടെ പ്ലാനുകൾ ഡിസൈൻ ചെയ്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പ്ലാനുകൾ ഡിസൈൻ ചെയ്യുന്നതിന് CDPO, സൂപ്പർവൈസർ, വർക്കർ, ഹെൽപ്പർ എന്നിവരെ കൂടി ഉൾപ്പെടുത്തി, ഡിസൈൻ തയ്യാറാക്കി ജൂൺ മാസം 30 നകം ലഭ്യമാക്കണം.

c) അങ്കണവാടി കെട്ടിടനിർമ്മാണങ്ങളുടെ പുരോഗതി റിപ്പോർട്ട് കൃത്യമായും ലഭ്യമാക്കണം. ( ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി ഒഴികെ ) നിർമ്മാണം പൂർത്തീകരിച്ചവയുടെ U.C. യും പൂർത്തീകരണ സാക്ഷ്യപത്രവും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയിൽ നിന്നും (LSGD, PWD) ലഭ്യമാക്കി ഈ കാര്യാലയത്തിൽ സമർപ്പിക്കണം.

5. a) പാലക്കാട് IRTC മുഖേന അങ്കണവാടി വർക്കർമാർക്കായുള്ള ECCE അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടിയുടെ ഭാഗമായി സംസ്ഥാനതല കോർ ഗ്രൂപ്പ് രൂ ീകരിക്കണം. ആയതിലേക്ക് പ്രീസ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരും പരിശീലന പരിപാടിയ്ക്ക് സമയം ചെലവഴിക്കാൻ സന്നദ്ധരുമായ സർവ്വീസിലുള്ളവരോ വിരമിച്ചവരോ ആയ ഉദ്യോഗസ്ഥർ എന്നീ വിഭാഗത്തിലുള്ള 4-5 അംഗങ്ങളെ ജില്ലകളിൽ നിന്നും കണ്ടെത്തി പേര് വിലാസം, ബന്ധപ്പെട്ട മേഖല, ഫോൺ നം. എന്നിവ ഉൾപ്പെട്ട ലിസ്റ്റ് ജൂൺ 24 നകം ലഭ്യമാക്കണം.

b) BRG - അങ്കണവാടി വർക്കർമാർക്ക് പഞ്ചായത്ത്/ ICDS പ്രോജക്ട് അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതിനായി BRG ഗ്രൂപ്പുകൾ സജ്ജമാക്കുന്നു. ആയതിലേക്ക് ചുവടെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാം.

(1) ക്ലാസെടുക്കാൻ അനുകൂല മനോഭാവമുള്ളവർ

(2) അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആടുകയും പാടുകയും ചെയ്യുന്നതിന് ഉള്ള കഴിവ്

(3) ശിശു മന:ശാസ്ത്രം സംബന്ധിച്ച് പ്രാഥമിക ധാരണയുള്ളവർ

(4) റിട്ടയർ ചെയ്ത പ്രൈമറി സ്കൂൾ അധ്യാപകർ/ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ താത്പര്യമുള്ള വീട്ടമ്മമാർ, അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്ന പൊതു പ്രവർത്തകർ

(5) പ്രീപ്രൈമറി സർട്ടിഫിക്കറ്റ് കോഴ്സ് പാസായവർ

(6) വനിതകൾക്ക് കൂടുതൽ പരിഗണന

(7) തെരഞ്ഞെടുക്കപ്പെടുന്ന BRG അംഗങ്ങൾ പാലക്കാട് IRTC യിൽ നടക്കുന്ന 3 ഘട്ടങ്ങളായുള്ള 15 ദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

മേൽ കാര്യങ്ങൾ പരിഗണിച്ച് ഓരോ, ICDS പ്രോജക്ടിൽ നിന്നും 4-5 BRG അംഗങ്ങളെ കണ്ടെത്തി പേര്, വിലാസം , ഫോൺ നമ്പർ ഉൾപ്പെട്ട ലിസ്റ്റ് ജൂൺ 25 നകം ലഭ്യമാക്കണം.

6. <u>സംസ്ഥാന അവാർഡ്</u>

2015-16 വർഷത്തിൽ മികച്ച സേവനം കാഴ്ച വച്ച CDPO/PO /ജില്ലാകളക്ടർ കാറ്റഗറികളിലേക്ക് സംസ്ഥാന അവാർഡ് നൽകുന്നതിനായുള്ള നോമിനേഷനുകൾ തൃശ്ശൂർ, കോഴിക്കോട് ഒഴികെയുള്ള ജില്ലകൾ ലഭ്യമാക്കിയിട്ടില്ല. ആയത് 26.6.2017 നകം ലഭ്യമാക്കണം.

7. <u>പ്രീസ്കൂൾ കിറ്റ്</u>

(a) 2013-14, 2014-15 സാമ്പത്തിക വർഷം അങ്കണവാടികളിൽ പ്രീ-സ്കൂൾ കിറ്റുകൾ വാങ്ങുന്നതിനായി അനുവദിച്ചതും നിലവിലുള്ള കേസിന്റെ അന്തിമ വിധി വരാത്തതിനാൽ വാങ്ങൽ നടപടി പൂർത്തിയാക്കാൻ സാധിക്കാതെ CDPO മാരുടെയും ജില്ലാ സാമൂഹ്യനീതി ഓഫീസർ മാരുടെയും പക്കൽ സൂക്ഷിച്ചിട്ടുള്ളതുമായ ഫണ്ട് തിരിച്ചടക്കുന്നതിനായും നിർദ്ദേശിച്ചിരുന്നു. ആയത് 2235-02-911-99-P - ROP യിൽ തിരിച്ചടച്ച് റിപ്പോർട്ട് ലഭ്യമാക്കണം. ( ജില്ലാ ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം 14 കോടി രു ഉണ്ടെന്ന് അറിയിച്ചിരിക്കുന്നു. അതിൽ 1 കോടിരൂ മാത്രമാണ് തിരിച്ചടച്ചതായി കാണുന്നത് )

(b) 2016-17 സാമ്പത്തിക വർഷം PSE കിറ്റ് വിതരണം ചെയ്യാതെ തുക കൊടുക്കാൻ സാധിക്കാതെ വന്ന CDPO മാർക്ക് TSB യിൽ തുക നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഈ തുക വിനിയോഗിച്ച് കഴിഞ്ഞത് സംബന്ധിച്ച വിവരം റിപ്പോർട്ടാക്കി 26.6.2017 ന് മുമ്പ് ലഭ്യമാക്കണം.

8. **ട്രെയിനിംഗ്**

ജോബ് ട്രെയിനിംഗ് ലഭിക്കാനുള്ള CDPO മാരുടെയും സൂപ്പർവൈസർമാരുടെയും വിശദാംശങ്ങൾ എല്ലാ ജില്ലകളും ലഭ്യമാക്കണം.

9. **SNP**

a) 2016-17 - ൽ SNP യ്ക്ക് അനുവദിച്ച തുക സറണ്ടർ ചെയ്തതു സംബന്ധിച്ച് അഞ്ചൽ അഡീ. പറക്കോട്, ചിറ്റൂർ, തൃത്താല അഡീ. CDPO മാരിൽ നിന്നും ആവശ്യപ്പെട്ട വിശദീകരണം നാളിതുവരെയും ലഭ്യമായിട്ടില്ല.

b) WBNP അരിയുടെ U.C., അരി ഏറ്റെടുത്ത് 10 ദിവസത്തിനകം ലഭ്യമാക്കണം.

10. **ജാതക് ജനനി**

ജാതക് ജനനി മാനന്തവാടിയിലും, അട്ടപ്പാടിയിലും നടത്തിയ റിവ്യൂ മീറ്റിംഗിന്റെ റിപ്പോർട്ട് ലഭ്യമാക്കണം.

11. **ICDS റിപ്പോർട്ടുകൾ**

ICDS മായി ബന്ധപ്പെട്ട് വിവിധ തരം റിപ്പോർട്ടുകൾ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നുണ്ട്. ആയതിന് ഏകീകൃത സ്വഭാവം വരുത്തുന്നതിനായി നിലവിൽ CDPO/PO തലത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു

12. **അങ്കണവാടി സ്ഥലം ലഭ്യത, റിപ്പോർട്ട്**

അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി നിലവിലെ സ്ഥല ലഭ്യത, സ്ഥലം കണ്ടെത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തവ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പുതുക്കിയ ഫോർമാറ്റ് നൽകിയിരുന്നെങ്കിലും പ്രസ്തുത വിവരങ്ങൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ആയത് ജൂൺ 26 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കണം.